LIBRARY ARCHIVES Kerala Legislative Assembly

വൈക്കം മണ്ഡലത്തിൽ പൂട്ടിയ ബാറുകൾ

89 (7652) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബാറുകൾ പൂട്ടിയശേഷം വൈക്കം മണ്ഡലത്തിൽ എത്ര ബാറുകളാണ് പൂട്ടിയിട്ടുള്ളതെന്നും വൈക്കം മണ്ഡലത്തിലെ ബിവറേജസ് ഔട്ട് ലെറ്റുകളിൽ വിൽപ്പനയിലുണ്ടായ വർദ്ധനവ് എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

വൈക്കം മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന 5 ബാർ ഹോട്ടലുകളിൽ 4 ബാർ ഹോട്ടലുകളുടെ ലൈസൻസ് 2014-15 വർഷത്തേക്ക് പുതുക്കി നൽകിയിട്ടില്ല. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് വൈക്കം മണ്ഡലത്തിൽ ആകെയുള്ള ഒരു ചില്ലറ വില്പനശാലയിൽ 2013 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ നടന്ന വില്പനയെക്കാൾ 1.03 കോടി രൂപയുടെ വർദ്ധനവ് 2014 വർഷത്തെ ഇതേ കാലയളവിലുണ്ടായിട്ടുണ്ട്.

കൈരളി കപ്പൽ കാണാതായതിനെക്കുറിച്ചുള്ള അന്വേഷണം

90 (7653) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഉടമസ്ഥതയിലായിരുന്നതും 1979 ജൂലൈ മുതൽ കാണാതായതുമായ കൈരളി എന്ന കപ്പൽ സംബന്ധിച്ച് എന്തു വിവരങ്ങളാണ് ഇപ്പോഴുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മർമ്മഗോവ തുറമുഖത്തുനിന്ന് യൂറോപ്പിലെ റോസ് സ്റ്റോക്ക് തുറമുഖത്തേക്ക് ഇരുമ്പയിരുമായി 49 ജീവനക്കാരുമായിപോയ ഈ കപ്പലിനെക്കുറിച്ചോ ജീവനക്കാരെക്കുറിച്ചോ ഇന്നുവരെ ഒരു വിവരവും കിട്ടിയിട്ടില്ലെന്ന് പറയുന്നത് ശരിയാണോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഷയത്തിൽ ഇതുവരെനടന്ന അന്വേഷണവും അതിന്റെ ഫലവും സംബന്ധിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) മർമ്മഗോവ തുറമുഖത്തുനിന്നും റോസ് സ്റ്റോക്കിലേക്ക് ഇരുമ്പയിരുമായി പുറപ്പെട്ട "കൈരളി" എന്ന കപ്പൽ 1979 ജൂലായിൽ നഷ്ടപ്പെട്ടു എന്നാണ് ഇപ്പോഴുള്ള വിവരം.

(ബി) കപ്പലിനെക്കുറിച്ചോ അതിലെ ജീവനക്കാരെക്കുറിച്ചോ ഇതുവരെയാതൊരു വിവരവും കിട്ടിയിട്ടില്ല.

(സി) 1979-ൽ കപ്പൽ നഷ്ടപ്പെട്ടപ്പോൾ ഇതുസംബന്ധിച്ച് നിയമപ്രകാരമുള്ള അന്വേഷണങ്ങൾ നടത്തിയിരുന്നു. എന്നാൽ, കപ്പലിനെക്കുറിച്ചോ കപ്പൽ ജീവനക്കാരെക്കുറിച്ചോ യാതൊരറിവും ലഭിക്കുകയുണ്ടായില്ല.